(ബി) & (സി) യു. എൻ. സി. പി. സഹായത്തോടെ ജില്ലാ കളക്ടർവഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി വരുന്നു. ഈ പദ്ധതിയുടെ വിശദാംശങ്ങൾ തീരുമാനിച്ചിട്ടില്ല.

തലപ്പാടിയിലെ കെ. ടി. ഡി. സി. യുടെ ആരാമം ഹോട്ടൽ തുറന്ന് പ്രവർത്തിക്കുവാൻ നടപടി

78 [389] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള-കർണ്ണാടക അതിർത്തിയായ തലപ്പാടിയിലെ കെ. ടി. ഡി. സി. യുടെ ആരാമം ഹോട്ടൽ തുറന്ന് പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ എന്നത്തേയ്ക്ക് തുറക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) & (ബി) ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന കെ. ടി. ഡി. സി. യുടെ ഹോട്ടൽ ആരാമം നഷ്ടത്തിലായതിനാൽ പ്രവർത്തനം നിറുത്തുകയും കെട്ടിടം ടൂറിസം വകുപ്പിന് തിരികെ കൈമാറുകയും ചെയ്തു. പ്രസ്തുത വഴിയോര വിശ്രമകേന്ദ്രം തുറന്നു പ്രവർത്തിപ്പിക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ടൂറിസം ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാന ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന വഴിയോരം പദ്ധതി

79 [390] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന 'വഴിയോരം' പദ്ധതിക്കായി എത്ര നിർദ്ദേശങ്ങളാണ് ടൂറിസം വകുപ്പിന് ലഭിച്ചിട്ടുള്ളത്;

(ബി) എത്ര പദ്ധതി നിർദ്ദേശങ്ങൾക്കാണ് ഇതിൽ അംഗീകാരം നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നത്; ഈ പദ്ധതി എന്നത്തേക്ക് പ്രാവർത്തികമാക്കാനാവുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഏകദേശം 1500 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയിൽ എല്ലാ രേഖകളുമായി വകുപ്പിന് കിട്ടിയിട്ടുള്ള അപേക്ഷകൾ 500 എണ്ണമാണ്.

LIBRARY ARCHIVES Kerala Legislative Assembly